REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

---

**തിയ്യതി: 24-09-2024** **സമയം 12.30 PM**

---

## പ്രധാന വാർത്തകൾ

- രാജ്യത്തിന്റെ പൊതു ധനകാര്യത്തിൽ സുതാര്യതയും ഉത്തരവാദിത്തവും ഉറപ്പാക്കുന്നതിൽ കംപ്ട്രോളർ ആൻഡ് ഓഡിറ്റർ ജനറൽ പ്രധാന പങ്ക് വഹിക്കുന്നുണ്ടെന്ന് രാഷ്ട്രപതി ദ്രൗപതി മുർമു.
- അടുത്ത വർഷം നവംബർ ഒന്നിനകം, കേരളം അതിദരിദ്ര വിഭാഗത്തിൽപ്പെടുന്ന ഒരു കുടുംബവുമില്ലാത്ത സംസ്ഥാനമായി മാറുമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ .
- മലപ്പുറത്ത് ചികിത്സയിൽ കഴിയുന്ന രോഗിയിൽ എം-പോക്സിന്റെ അതിവേഗം വ്യാപിക്കുന്ന വകഭേദം സ്ഥിരീകരിച്ച സാഹചര്യത്തിൽ കനത്ത ജാഗ്രത പാലിക്കണമെന്ന് കേന്ദ്ര ആരോഗ്യ മന്ത്രാലയം.
- പീഡന പരാതിയിൽ, നടൻ സിദ്ദിഖിന്റെ മുൻകൂർ ജാമ്യാപേക്ഷ ഹൈക്കോടതി തള്ളി. നടൻ മുകേഷിനെ, പ്രത്യേക അന്വേഷണസംഘം ചോദ്യം ചെയ്യുന്നു .
- പെലാജിക് വല ഉൾപ്പെടെ അനധികൃത വലകൾ ഉപയോഗിച്ചു നടത്തുന്ന മത്സ്യബന്ധനത്തിനെതിരെ കർശന നടപടി സ്വീകരിക്കുമെന്ന് ഫിഷറീസ് ഡയറക്ടർ.
- സൂപ്പർ ലീഗ് കേരള ഫുട്ബോളിന്റെ നാലാം റൗണ്ട് മത്സരങ്ങൾക്ക് ഇന്ന് തുടക്കം.

## വാർത്തകൾ വിശദമായി

രാജ്യത്തിന്റെ പൊതു ധനകാര്യത്തിൽ സുതാര്യതയും ഉത്തരവാദിത്തവും ഉറപ്പാക്കുന്നതിൽ കംപ്ട്രോളർ ആൻഡ് ഓഡിറ്റർ ജനറൽ പ്രധാന പങ്ക് വഹിക്കുന്നുണ്ടെന്ന് രാഷ്ട്രപതി ദ്രൗപതി മുർമു പറഞ്ഞു. ഏഷ്യൻ ഓർഗനൈസേഷൻ ഓഫ് സുപ്രീം ഓഡിറ്റ് ഇൻസ്റ്റിറ്റ്യൂഷൻസിന്റെ 16-ാമത് അസംബ്ലി ന്യൂഡൽഹിയിൽ ഉദ്ഘാടനം ചെയ്യുകയായിരുന്നു രാഷ്ട്രപതി.

CAG യുടെ ഓഫീസിന് ഇന്ത്യൻ ഭരണഘടന, വിശാലമായ അധികാരവും സമ്പൂർണ്ണ സ്വയം ഭരണാധികാരവും നൽകിയിട്ടുണ്ടെന്നും ദ്രൗപതി മുർമു പറഞ്ഞു. പൊതു ധനകാര്യ കണക്കുകൾ സമയബന്ധിതമായി തിട്ടപ്പെടുത്തുന്നതിൽ പ്രാധാന്യമുണ്ടെന്നും രാഷ്ട്രപതി അഭിപ്രായപ്പെട്ടു.

✪✪✪

മൂന്ന് ദിവസത്തെ US സന്ദർശനം പൂർത്തിയാക്കി പ്രധാനമന്ത്രി നരേന്ദ്ര മോദി രാവിലെ ഇന്ത്യയിലേക്ക് തിരിച്ചു. പ്രധാനമന്ത്രിയുടെ US സന്ദർശനം വിജയകരവും സുപ്രധാനവുമായിരുന്നുവെന്ന് വിദേശകാര്യ മന്ത്രാലയം സമൂഹമാധ്യമ പോസ്റ്റിൽ അറിയിച്ചു.

✪✪✪

ജമ്മു കശ്മീരിൽ നാളെ നടക്കുന്ന രണ്ടാം ഘട്ട നിയമസഭാ തിരഞ്ഞെടുപ്പിന് ക്രമീകരണങ്ങൾ പൂർത്തിയായി. ജമ്മു മേഖലയിലെ റിയാസി, രജൗരി, പൂഞ്ച്, കശ്മീർ താഴ്‌വരയിലെ ശ്രീനഗർ, ബുദ്ഗാം, ഗന്ദർബൽ എന്നീ ആറ് ജില്ലകളിലെ 26 നിയമസഭാ മണ്ഡലങ്ങളിലാണ് നാളെ വിധിയെഴുത്ത്. രണ്ടാംഘട്ട വോട്ടെടുപ്പിന്റെ പരസ്യ പ്രചാരണം ഇന്നലെ വൈകിട്ട് അവസാനിച്ചു. ശേഷിക്കുന്ന 40 മണ്ഡലങ്ങളിൽ മൂന്നാമത്തേയും അവസാനത്തെയും ഘട്ടത്തിൽ അടുത്തമാസം ഒന്നിനാണ് വോട്ടെടുപ്പ് .

എട്ടിനാണ് വോട്ടെണ്ണൽ.

✪✪✪

അടുത്ത വർഷം നവംബർ ഒന്നിനകം കേരളം അതിദരിദ്ര വിഭാഗത്തിൽപ്പെടുന്ന ഒരു കുടുംബവുമില്ലാത്ത സംസ്ഥാനമായി മാറുമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ പറഞ്ഞു. തൃശ്ശൂർ കോർപ്പറേഷനിലെ 231 ഭൂരഹിത, ഭവനരഹിതർക്ക് 3 സെന്റ് വീതം ഭൂമിയുടെ കൈവശാവകാശരേഖ കൈമാറുന്നതിന്റെ ഉദ്ഘാടനം നിർവ്വഹിക്കുകയായിരുന്നു മുഖ്യമന്ത്രി.

ഭവനരഹിതരില്ലാത്ത സംസ്ഥാനം എന്ന ലക്ഷ്യത്തോടെയാണ് ലൈഫ് മിഷൻ പ്രവർത്തനമാരംഭിച്ചത്. ആ പദ്ധതിയുടെ ഭാഗമായാണ് തൃശ്ശൂർ കോർപ്പറേഷനിലെ 231 കുടുംബങ്ങൾക്ക് 3 സെന്റ് വീതം ഭൂമി ലഭ്യമാക്കുന്നത്. ഭൂരഹിതരും ഭവനരഹിതരുമില്ലാത്ത കേരളം എന്ന ലക്ഷ്യത്തിലേക്ക് ഒരു ചുവടുവെപ്പാണിതെന്നും മുഖ്യമന്ത്രി പറഞ്ഞു.

✪✪✪

കണ്ണൂർ രാജ്യാന്തര വിമാനത്താവളത്തിന് വിദേശകമ്പനികൾക്ക് സർവീസ് നടത്തുന്നതിന് പോയിന്റ് ഓഫ് കോൾ പദവി താമസിയാതെ ലഭ്യമാകുമെന്നാണ് പ്രതീക്ഷിക്കുന്നതെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ പറഞ്ഞു.

പ്രധാനമന്ത്രിയുമായി ഈ വിഷയം ചർച്ചചെയ്തിട്ടുണ്ടെന്നും അദ്ദേഹം പറഞ്ഞു കിയാലിന്റെ വാർഷിക പൊതുയോഗത്തിൽ ഓൺലൈനായി സംസാരിക്കുകയായിരുന്നു മുഖ്യമന്ത്രി. കണ്ണൂരിൽ നിന്ന് സർവീസുകൾ വർധിപ്പിക്കുന്നതിന് വിമാനക്കമ്പനികളുമായി ചർച്ച നടത്തി വരികയാണെന്നും അദ്ദേഹം അറിയിച്ചു .

✪✪✪

മലപ്പുറത്ത് ചികിത്സയിൽ കഴിയുന്ന രോഗിയിൽ കണ്ടെത്തിയത് എം പോക്സിന്റെ അതിവേഗം വ്യാപിക്കുന്ന വകഭേദമായതുകൊണ്ട് കനത്ത ജാഗ്രത പാലിക്കണമെന്ന് കേന്ദ്ര ആരോഗ്യമന്ത്രാലയം അറിയിച്ചു. രോഗിയുമായി ഇടപഴകിയവർ കർശന നിയന്ത്രണം പാലിക്കണമെന്നും നിർദ്ദേശമുണ്ട്.

കൂടുതൽ വിവരങ്ങളുമായി ആകാശവാണി ജില്ലാ പ്രതിനിധി M സുരേഷ് ബാബു.

......(വോയ്സ്)..............

✪✪✪

രോഗാതുരത കുറഞ്ഞ സമൂഹമായി കേരളത്തെ മാറ്റുകയെന്നതാണ് ഗവൺമെന്റിന്റെ ലക്ഷ്യമെന്ന് മന്ത്രി വീണാ ജോർജ് പറഞ്ഞു. ജീവിതശൈലീ രോഗങ്ങളാണ് ആരോഗ്യ മേഖല നേരിടുന്ന പ്രധാന പ്രശ്നമെന്നും, ഇത് പരിഹരിക്കാൻ കാര്യക്ഷമമായ പ്രവർത്തനങ്ങളാണ് നടത്തുന്നതെന്നും മന്ത്രി പറഞ്ഞു. ആയുഷ് കേന്ദ്രങ്ങളെ ജില്ലാ മെഡിക്കൽ കോളജുകളാക്കാൻ ശ്രമം നടക്കുന്നുണ്ടെന്നും ആയുർവേദ ഗവേഷണ കേന്ദ്രം ആരംഭിക്കാൻ നടപടി പുരോഗമിക്കുകയാണെന്നും മന്ത്രി കോട്ടയത്ത് അറിയിച്ചു.

സംസ്ഥാനത്ത് ആയിരം യോഗാ ക്ലബുകൾ ആരംഭിക്കുമെന്ന് വാഴൂർ ആയുർവേദ ആശുപത്രിയുടെ പുതിയ മന്ദിരം ഉദ്ഘാടനം ചെയ്യവെ മന്ത്രി പറഞ്ഞു.

✪✪✪

രോഗാതുരത കുറഞ്ഞ സമൂഹമായി കേരളത്തെ മാറ്റുകയെന്നതാണ് ഗവൺമെന്റിന്റെ ലക്ഷ്യമെന്ന് മന്ത്രി വീണാ ജോർജ് പറഞ്ഞു. ജീവിതശൈലീ രോഗങ്ങളാണ് ആരോഗ്യ മേഖല നേരിടുന്ന പ്രധാന പ്രശ്നമെന്നും, ഇത്

പരിഹരിക്കാൻ കാര്യക്ഷമമമായ പ്രവർത്തനങ്ങളാണ് നടത്തുന്നതെന്നും മന്ത്രി പറഞ്ഞു. ആയുഷ് കേന്ദ്രങ്ങളെ ജില്ലാ മെഡിക്കൽ കോളജുകളാക്കാൻ ശ്രമം നടക്കുന്നുണ്ടെന്നും ആയുർവേദ ഗവേഷണ കേന്ദ്രം ആരംഭിക്കാൻ നടപടി പുരോഗമിക്കുകയാണെന്നും മന്ത്രി കോട്ടയത്ത് അറിയിച്ചു.

സംസ്ഥാനത്ത് ആയിരം യോഗാ ക്ലബുകൾ ആരംഭിക്കുമെന്ന് വാഴൂർ ആയുർവേദ ആശുപത്രിയുടെ പുതിയ മന്ദിരം ഉദ്ഘാടനം ചെയ്യവെ മന്ത്രി പറഞ്ഞു.

✪✪✪

നടൻ സിദ്ദിഖിന്റെ മുൻകൂർ ജാമ്യാപേക്ഷ ഹൈക്കോടതി തള്ളി. എട്ടു വർഷം മുൻപ് തിരുവനന്തപുരത്തു മസ്കറ്റ് ഹോട്ടലിൽ വിളിച്ചുവരുത്തി പീഡിപ്പിച്ചു എന്ന യുവതിയുടെ പരാതിയിൽ, മ്യൂസിയം പോലീസ് രജിസ്റ്റർ ചെയ്ത കേസിലാണ് സിദ്ദിഖ് മുൻകൂർ ജാമ്യാപേക്ഷയുമായി ഹൈക്കോടതിയെ സമീപിച്ചത്.

അതിനിടെ, ബലാത്സംഗത്തിന് ഇരയാക്കി എന്ന് ആലുവ സ്വദേശിനിയായ നടിയുടെ പരാതിയിൽ, പ്രത്യേക അന്വേഷണസംഘം കൊച്ചിയിൽ നടൻ മുകേഷിനെ ചോദ്യം ചെയ്ത് വരികയാണ്. മരടിലെ മുകേഷിന്റെ വില്ലയിൽ വിളിച്ചുവരുത്തി ബലാൽസംഗം ചെയ്തു എന്നാണ് നടിയുടെ പരാതി. മുകേഷിന് ഹൈക്കോടതി മുൻകൂർ ജാമ്യം അനുവദിച്ചിരുന്നു.

✪✪✪

കർണ്ണാടകയിലെ ഷിരൂരിൽ അർജുൻ ഉൾപ്പെടെ മൂന്ന് പേർക്കായി ഗംഗാവലി പുഴയിൽ തെരച്ചിൽ പുനരാരംഭിച്ചു. രാവിലെ ശക്തമായ മഴയെ തുടർന്ന് നിർത്തിവെച്ച തെരച്ചിൽ മഴയ്ക്ക് നേരിയ ശമനം വന്നതോടെയാണ് പുനഃരാരംഭിച്ചത്.

അതേസമയം, ഇന്നലെ അർജുന്റെ ലോറിയുടെ ലൈറ്റ് റിഫ്ലക്ടർ കിട്ടിയത് വഴിത്തിരിവായെന്ന് കാർവാർ S.P നാരായണ അറിയിച്ചു. പരിശോധന തുടരുന്നത് നാവിക സേന മാർക്ക് ചെയ്ത പോയിന്റിലാണെന്നും അദ്ദേഹം പറഞ്ഞു.

ശക്തമായ ലോഹ സാന്നിധ്യം കണ്ട സ്ഥലത്ത് ആദ്യം പരിശോധന നടത്തും. മണ്ണിടിച്ചിൽ ഉണ്ടായ ദിവസം പുഴയിൽ സ്ഫോടനം ഉണ്ടായെന്ന വാർത്ത തെറ്റാണെന്നും എസ്പി അറിയിച്ചു. കാലാവസ്ഥ പ്രതികൂലമായാൽ താൽക്കാലികമായി തെരച്ചിൽ നിർത്തിവെക്കേണ്ടിവരും. അതല്ലാതെ ഏതു സാഹചര്യത്തിലും ദൗത്യം നിർത്തില്ലെന്നും അദ്ദേഹം അറിയിച്ചു.

✪✪✪

മിഠായി പദ്ധതി വഴി ലഭിച്ചു കൊണ്ടിരുന്ന ഇൻസുലിൻ, സ്ട്രിപ്പ് തുടങ്ങിയവ കഴിഞ്ഞ രണ്ടു മാസമായി സൗജന്യമായി ലഭിക്കുന്നില്ലെന്ന പരാതിയെ കുറിച്ച്

അന്വേഷിക്കണമെന്ന് സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ നിർദേശം നൽകി .

കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടർ, ഒരാഴ്ചക്കകം റിപ്പോർട്ട് സമർപ്പിക്കണമെന്ന് കമ്മീഷൻ ജുഡീഷ്യൽ അംഗം കെ. ബൈജുനാഥ് ആവശ്യപ്പെട്ടു.

കോഴിക്കോട്ടെ മിഠായി ക്ലിനിക്കിനെതിരെയാണ് പരാതി. ദൃശ്യമാധ്യമ വാർത്തയുടെ അടിസ്ഥാനത്തിൽ സ്വമേധയാ രജിസ്റ്റർ ചെയ്ത വാർത്തയുടെ അടിസ്ഥാനത്തിലാണ് നടപടി.

✪✪✪

പെലാജിക് വല ഉൾപ്പെടെ അനധികൃത വലകൾ ഉപയോഗിച്ചു നടത്തുന്ന മത്സ്യബന്ധനത്തിനെതിരെ കർശന നടപടി സ്വീകരിക്കുമെന്ന് ഫിഷറീസ് ഡയറക്ടർ അറിയിച്ചു. നിരോധിത പെലാജിക് വല ഉപയോഗിച്ച് ട്രോൾ ബോട്ടുകളും, അനധികൃത വലകൾ ഉപയോഗിച്ച് പരമ്പരാഗത മത്സ്യബന്ധനയാനങ്ങളും വ്യാപകമായി മത്സ്യബന്ധനം നടത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടെന്നും ഡയറക്ടർ പറഞ്ഞു. ഇത്തരം വലകൾ സൂക്ഷിക്കുകയോ, ഉപയോഗിക്കുകയോ ചെയ്യുന്ന യാനങ്ങളെ കണ്ടെത്തുന്നതിനായി ഹാർബറുകളിലും കടലിലും വ്യാപകമായ പരിശോധന നടത്തുന്നുമെന്നും അത്തരം യാനങ്ങൾ കണ്ടുകെട്ടി കർശനമായ നിയമനടപടി എല്ലാ ജില്ലകളിലും സ്വീകരിക്കുമെന്നും ഡയറക്ടർ വ്യക്തമാക്കി.

✪✪✪

ഇന്ന് നാഷണൽ സർവീസ് സ്കീം ദിനം. ഇതോടനുബന്ധിച്ചു ഹയർ സെക്കന്ററി വിഭാഗം NSS സംസ്ഥാന - ജില്ലാതല പുരസ്കാരങ്ങൾ മന്ത്രി വി ശിവൻകുട്ടി പ്രഖ്യാപിച്ചു.

സംസ്ഥാനത്തെ മികച്ച യൂണിറ്റുകളായി കോഴിക്കോട് ചേന്ദമംഗലം ഗവ. ഹയർ സെക്കന്ററി സ്കൂളും , പെരിങ്ങളം ഗവ. ഹയർ സെക്കന്ററി സ്കൂളും തിരഞ്ഞെടുക്കപ്പെട്ടു.

സലീം NK, രതീഷ് R. നായർ എന്നിവരാണ് സംസ്ഥാനത്തെ മികച്ച പ്രോഗ്രാം ഓഫീസർമാർ.

✪✪✪

വിദ്യാർത്ഥികളുടെ സാമൂഹ്യപ്രതിബദ്ധതയും സേവന സന്നദ്ധതയും ഊട്ടിയുറപ്പിക്കുന്നതിൽ NSS പ്രധാന പങ്കു വഹിക്കുന്നുണ്ടെന്ന് മന്ത്രി ഡോ. R ബിന്ദു പറഞ്ഞു. കേരള സംസ്ഥാന NSS സെല്ലിന്റെ NSS ദിനത്തിന്റെ സംസ്ഥാന തല ഉദ്ഘാടനം തൃശൂർ വിയ്യൂർ ജില്ലാജയിലിൽ നിർവഹിക്കുകയായിരുന്നു മന്ത്രി.

✪✪✪

സൂപ്പർ ലീഗ് കേരള ഫുട്ബോളിന്റെ നാലാം റൗണ്ട് മത്സരങ്ങൾക്ക് ഇന്ന് തുടക്കം.

കോഴിക്കോട് കോർപറേഷൻ സ്റ്റേഡിയത്തിൽ വൈകീട്ട് 7.30 ന് കാലിക്കറ്റ് FC, തൃശൂർ മാജിക് FC യെ നേരിടും.

✪✪✪

ISL ഫുട്ബോളിൽ മോഹൻ ബഗാൻ സൂപ്പർ ജയന്റിന് ജയം. കൊൽക്കത്തയിൽ നോർത്ത് ഈസ്റ്റ് യുണൈറ്റഡിനെ രണ്ടിനെതിരെ മൂന്ന് ഗോളുകൾക്കാണ് മോഹൻ ബഗാൻ തോൽപ്പിച്ചത്.

അടുത്ത മത്സരം നാളെയാണ്. ന്യൂഡൽഹിയിൽ വൈകിട്ട് ഏഴരയ്ക്ക് പഞ്ചാബ് FC, ഹൈദരാബാദ് FC യെ നേരിടും.

✪✪✪

ചൈനയിൽ ചെങ്ഡു ഓപ്പൺ ടെന്നീസിൽ ഇന്ത്യൻ താരം യുകി ഭാംബ്രിയും, ഫ്രഞ്ച് പങ്കാളി അൽബാനോ ഒലിവെറ്റിയും ഫൈനലിൽ പ്രവേശിച്ചു. രണ്ടാം സീഡായ, ഇവാൻ ഡോഡിഗ്-റാഫേൽ മാറ്റോസ് സഖ്യത്തെയാണ് ഇവർ തോൽപ്പിച്ചത്. ഫൈനലിൽ ഫ്രഞ്ച് ജോഡികളെയാണ് ഇവർ നേരിടുക.

✪✪✪

സംസ്ഥാനത്ത് ഇന്ന് പരക്കെ മഴയ്ക്ക് സാധ്യതയുണ്ടെന്ന് കേന്ദ്രകാലാവസ്ഥാ വകുപ്പ് അറിയിച്ചു. കനത്ത മഴ സാധ്യത കണക്കിലെടുത്ത് ഇന്ന് കാസർഗോഡ്, കണ്ണൂർ, കോഴിക്കോട് ജില്ലകളിൽ മഞ്ഞ ജാഗ്രത നൽകി.

കേരള - കർണ്ണാടക തീരങ്ങളിൽ മണിക്കൂറിൽ 55 കിലോമീറ്റർ വരെ വേഗത്തിൽ കാറ്റിനു സാധ്യതയുണ്ടെന്നും മീൻപിടിത്തക്കാർ കടലിൽ പോകരുതെന്നും കാലാവസ്ഥാവകുപ്പ് മുന്നറിയിപ്പ് നൽകി.

✪✪✪

ആലപ്പുഴയിൽ പോലീസ് കസ്റ്റഡിയിൽ നിന്നും ചാടിപ്പോയ അന്തർ ജില്ലാ മോഷ്ടാവിനെ കോഴിക്കോട് സിറ്റി പോലീസ് പിടികൂടി.

സംസ്ഥാനത്തുടനീളം നിരവധി കളവു കേസുകളിൽ പ്രതിയായ തൃശ്ശൂർ വാടാനപ്പള്ളി സ്വദേശി ബാദുഷയാണ് പിടിയിലായത്. കളവു കേസിൽ തെളിവെടുപ്പിനായി ആലപ്പുഴയിലെത്തിച്ചപ്പോഴാണ് കസ്റ്റഡിയിൽ നിന്നും ഇയാൾ രക്ഷപ്പെട്ടത്.

✪✪✪

**തലശ്ശേരിയിൽ നിന്ന് 10.5 ഗ്രാം MDMAയുമായി 37 കാരിയെ അറസ്റ്റു ചെയ്തു. കുയ്യാലിയിലെ ഒരു ക്വാർട്ടേഴ്സിൽ താമസിക്കുന്ന റുബൈദയെ ആണ് അറസ്റ്റു ചെയ്തത്.**

**അടുക്കളയിൽ ഫ്രിഡ്ജിനടിയിൽ 10 പ്ലാസ്റ്റിക് സഞ്ചിയിൽ സൂക്ഷിച്ച നിലയിലാണ് MDMA കണ്ടെടുത്തത് .**

✪✪✪

**ലോറികളിൽ മാലിന്യം കൊണ്ടുവന്ന്ചെങ്കൽ ക്വാറികളിൽ തള്ളുന്നുവെന്ന പരാതി പരിശോധിച്ച് റിപ്പോർട്ട് ചെയ്യാൻ കണ്ണൂർ ജില്ലാ കലക്ടർ അരുൺ K വിജയൻ നിർദേശം നൽകി. മാലിന്യം തള്ളുന്ന ക്വാറികളിൽ കർശനമായ നിരീക്ഷണം ഏർപ്പെടുത്തും. ഒക്ടോബർ രണ്ടിന് തുടങ്ങുന്ന മാലിന്യ മുക്തം നവകേരളം ജനകീയ കാമ്പയിനിന്റെ ജില്ലാ തല നിർവാഹക സമിതി യോഗത്തിലാണ് കലക്ടർ നിർദേശം നൽകിയത്.**

✪✪✪

**യാത്രക്കാരുടെ എണ്ണം വർധിച്ച സാഹചര്യത്തിൽ മംഗളൂരു ജംക്ഷനും കൊച്ചുവേളിക്കുമിടയിൽ ദ്വൈവാര സ്പെഷ്യൽ ട്രെയിൻ സർവീസ് നീട്ടിയതായി റെയിൽവേ അറിയിച്ചു.**

**അടുത്ത മാസം 3 മുതൽ നവംബർ 2 വരെ വ്യാഴം, ശനി ദിവസങ്ങളിൽ രാത്രി ഏഴരയ്ക്ക് മംഗളൂരുവിൽ നിന്ന് പുറപ്പെടുന്ന ട്രെയിൻ അടുത്തദിവസം രാവിലെ എട്ടിന് കൊച്ചുവേളിയിൽ എത്തിച്ചേരും. വൈകിട്ട് 6.40 നാണ് മടക്ക യാത്ര.**

✪✪✪

**സ്വർണ്ണവില വർദ്ധിച്ചു. പവന് 160 രൂപ കൂടി 56,000 രൂപയായി - 7,000 രൂപയാണ് ഗ്രാമിന്.**

✪✪✪